## കേരള സർക്കാർ

നം.8897/എച്ച്3/2015/പൊ.മ.വ

പൊതുമരാമത്ത് (എച്ച്) വകുപ്പ്
തിരുവനന്തപുരം
തീയതി 15.07.2015

### സർക്കുലർ

വിഷയം :- പൊതുമരാമത്ത് വകുപ്പ് - കൺസൾട്ടൻസി നൽകുന്നതിന് മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്

സൂചന :- 30.06.2015-ലെ വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ വിജി4/7159/15 എന്ന നമ്പർ കത്ത്

പൊതുമരാമത്ത് വകുപ്പിൽ കൺസൾട്ടൻസി നൽകുന്നത് ചില പ്രത്യേക ഏജൻസികൾക്ക് മാത്രമാണ് എന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് സംബന്ധിച്ച് അന്വേഷണം നടത്തി ശുപാർശ സമർപ്പിക്കുവാൻ വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. സൂചനയിലെ കത്ത് പ്രകാരം വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി വഴി പ്രവൃത്തികൾ നൽകുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള സംവിധാനത്തിൽ ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ മാത്രമേ കൺസൾട്ടൻസി വഴി മറ്റ് ഏജൻസികൾക്ക് നൽകുന്നുള്ളൂ എന്ന് ചീഫ് എഞ്ചിനീയർമാർ ഉറപ്പുവരുത്തേണ്ടതാണ്.
2) സുതാര്യമായ ടെണ്ടർ നടപടികളിലൂടെ (ഇ-ടെണ്ടർ) മാത്രമേ ഏജൻസികൾക്ക് പ്രവൃത്തികൾ നൽകാവൂ. ക്വട്ടേഷൻ സമ്പ്രദായം പരമാവധി ഒഴിവാക്കേണ്ടതാണ്. അടിയന്തിര ഘട്ടത്തിൽ മാത്രമേ ക്വട്ടേഷൻ സമ്പ്രദായം ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3) ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റിൽപ്പെട്ട ഏജൻസികൾക്ക് മാത്രമേ കരാർ നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4) ഏജൻസികൾ ചെയ്യുന്ന പ്രവൃത്തികൾ കുറ്റമറ്റതാണെന്ന് ഉറപ്പ് വരുത്തുവാനുള്ള ചുമതലയും, ആയതിന്മേലുള്ള എല്ലാ ഉത്തരവാദിത്തവും ഏജൻസികൾക്ക് മാത്രം ആയിരിക്കും എന്ന വ്യവസ്ഥ കൂടി കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

**എ പി എം മുഹമ്മദ് ഹനീഷ്**
സെക്രട്ടറി

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും(R&B/NH/Buildings)
എല്ലാ സൂപ്രണ്ടിംഗ്/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തിരം)
ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്
പൊതുമരാമത്ത് (C/D/E/G/PS) വകുപ്പ്
(സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ